**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 326** 03-03-2023 - ൽ മറുപടിയ്ക്ക്

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണ പ്രക്രിയയിൽ കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുത്ത് തീർത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2021-22 സീസണിൽ 2,54,072 കർഷകരിൽ നിന്നായി 7,48,403.193 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ആയതിന് 2,54,068 കർഷകർക്ക് 2095.52 കോടി രൂപ നെല്ലിന്റെ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്. നിയമ പ്രശ്നം നിലനിൽക്കുന്നതിനാൽ 4 കർഷകർക്ക് 82,180 രൂപ ഇനിയും നൽകുവാനുണ്ട്. 2021-22 സീസണിൽ പി.ആർ.എസ് വായ്പ പദ്ധതി വഴി 11 ബാങ്കുകളിലായാണ് നെല്ലിന്റെ വില വിതരണം ചെയ്തിട്ടുള്ളത്. |
| (ബി) | നെല്ല് സംഭരണ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൈകാര്യച്ചെലവ് നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ സംസ്ഥാന സർക്കാർ നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് അധികമായി നൽകുന്ന സ്റ്റേറ്റ് ഇൻസെൻറീവ് ബോണസ് കിഴിച്ചുള്ള എല്ലാ ചിലവുകളും വഹിക്കുന്നത് കേന്ദ്ര സർക്കാരാണ്. ടി തുകയിൽ നിന്നാണ് കർഷകർക്ക് ഒരു ക്വിൻറലിന് 12 രൂപ നിരക്കിൽ നൽകുന്ന കൈകാര്യ ചിലവിനുള്ള തുക കണ്ടെത്തുന്നത്. കേരള സർക്കാർ ഫണ്ടിൽ നിന്നും കൈകാര്യ ചിലവ് നൽകുന്നില്ല. |
| (സി) | കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിനും കീടശല്യം മൂലം ഗുണനിലവാരം മോശമായ നെല്ലിനും കർഷകർക്ക് നൽകുന്ന സംഭരണ തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഗുണനിലവാര മാനദണ്ഡപ്രകാരമുള്ള നെല്ലാണ് കർഷകരിൽ നിന്നും സംഭരിക്കുന്നത്. നെല്ല് സംഭരണം കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ ഗുണനിലവാരമില്ലാത്ത നെല്ല് സംഭരിക്കുവാൻ സാധിക്കില്ല. ഈ ഗുണനിലവാര മാനദണ്ഡമനുസരിച്ച് കീടബാധ ഏറ്റ നെല്ല് 4 ശതമാനത്തിൽ അധികം ആകാൻ പാടില്ല. ഇത്തരം നെല്ല് പാറ്റി വൃത്തിയാക്കി കർഷകർ തരേണ്ടതാണ്. ഇത്തരത്തിൽ വൃത്തിയാക്കാതെ മില്ലുകളുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് ചില കർഷകർ പരസ്പര ധാരണയിൽ എത്തുന്ന കിഴിവിൽ നെല്ല് സംഭരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സംഭരിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അരി സപ്ലൈകോയ്ക്ക് തിരികെ നൽകണം എന്ന വ്യവസ്ഥയിലാണ് മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടു ള്ളത്. ആയതിനാൽ ഇത്തരത്തിൽ കർഷകരും മില്ലുടമകളും തമ്മിൽ പരസ്പരധാരണയിൽ എത്തുന്ന കിഴിവിന്റെ കാര്യത്തിൽ സപ്ലൈകോ ഇടപെടാറില്ല. എന്നാൽ നെല്ലിന്റെ ഗുണനിലവാരം പരിശോധിച്ച് മില്ലുകളെയും കർഷകരെയും ബോധ്യപ്പെടുത്താറുണ്ട്. |
| (ഡി) | സർക്കാർ നിശ്ചയിച്ച താങ്ങുവിലയിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റി സപ്ലൈകോ, കൺസ്യൂമർഫെഡ് ഉടങ്ങിയ സ്ഥാപനങ്ങളുടെ ന്യായവില ഷോപ്പുകൾ വഴി വിറ്റഴിക്കുന്ന മില്ലുടമകൾക്ക് നെല്ല് സംഭരണത്തിനായി മാറ്റി വയ്ക്കുന്ന സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിൽ റേഷൻകടകൾവഴി മാത്രമാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ